# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3840 11/11/2019-ൽ മറുപടിക്ക്

## സ്വകാര്യ മെഡിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം ഉറപ്പാക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** | |
| എ) | സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാൻ എൻ.എ.ബി.എൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | എ) & ബി) | നിഷ്കർഷിച്ചിട്ടില്ല. |
| ബി) | പരമാവധി ലാബുകളെ സ്കീമിന്റെ കീഴിൽ കൊണ്ടുവരുന്നതിനും പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള ലാബ് സൗകര്യം ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | | |
| സി) | ലാബുകളിൽ സാങ്കേതിക വിഭാഗത്തിൽ ജോലി ചെയ്യുന്ന വലിയൊരു വിഭാഗം നിശ്ചിത യോഗ്യതയില്ലാത്തവരാണെന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലാണ് നടത്തുന്നത് ; വ്യക്തമാക്കാമോ; | സി) | കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ആക്ട് 2018 അനുസരിച്ച് 01/01/2019 മുതൽ എല്ലാ ലബോറട്ടറികളുടെയും താൽക്കാലിക രജിസ്ട്രേഷൻ നടന്നു വരികയാണ്. താൽക്കാലിക രജിസ്ട്രേഷൻ വേളയിൽ ഓരോ ലാബും അതാത് സ്ഥാപനങ്ങളുടെ പൂർണ്ണ വിവരങ്ങൾ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും, സ്റ്റാഫുകളുടെ പേരും യോഗ്യതയും, ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കണം. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ച കോഴ്സുകളാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. താത്കാലിക രജിസ്ട്രേഷന്റെ കാലാവധി 2 വർഷമാണ്. താൽക്കാലിക രജിസ്ട്രേഷൻ നൽകുന്നത് പ്രസ്തുത സ്ഥാപനങ്ങൾ അപ് ലോഡ് ചെയ്യുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ്. |

| | | | |
|---|---|---|---|
| | | | താൽക്കാലിക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ 2 വർഷത്തിനകം സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതും സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിനു മുമ്പ് സ്ഥാപന പരിശോധന അസസ്സർമാർ നടത്തുകയും ഉദ്ദേശിക്കുന്ന നിലവാരമുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. |
| ഡി) | സുരക്ഷ,മാലിന്യനിർമ്മാർജ്ജന ചട്ടങ്ങൾ എന്നിവ ഭൂരിപക്ഷം ലാബുകളും പാലിക്കുന്നില്ല എന്നത് വസ്തുതയല്ലേ ; എങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; വ്യക്തമാക്കാമോ? | ഡി) | ലാബുകളുടെ സുരക്ഷയിൽ എന്തെങ്കിലും വീഴ്ച ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഡിസ്ട്രിക്ട് ലാബ് ടെക്നീഷ്യൻ ഉൾപ്പെട്ട ടീം അവിടെ പരിശോധന നടത്തുകയും വീഴ്ചകൾ കണ്ടെത്തുകയാണെങ്കിൽ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജന സംവിധാനം 'ഇമേജ്' വഴി എല്ലാ ലബോറട്ടികൾക്കും നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ